# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1287 — 11.02.2016-ൽ മറുപടിക്ക്

## ആധാരം രജിസ്റ്റർ ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം

| ചോദ്യം<br>ശ്രീ.എം.ചന്ദ്രൻ | ഉത്തരം<br>ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| എ) ഓൺലൈൻ ആയി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം എല്ലാ രജിസ്ട്രാർ ഓഫീസിലും നിലവിൽ വന്നിട്ടുണ്ടോ; | എ) നിലവിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാര വിവരങ്ങൾ ഓൺലൈൻ ആയി സമർപ്പിക്കു-വാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതിക്കായുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ആധാരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയില്ല. |
| ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇവ കാര്യക്ഷമമായി നടന്നുവരുന്നുണ്ടോ; സംവിധാനത്തിന്റെ കാര്യക്ഷമത സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) പ്രാരംഭഘട്ടത്തിലുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. നിലവിൽ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| സി) പ്രസ്തുത സംവിധാനത്തിലൂടെ ഇതിനകം എത്ര പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തു; | സി) ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയതിനു ശേഷം സംസ്ഥാനമൊട്ടുക്കായി 2,02,815 പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ഡി) സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളായി മാറ്റുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | ഡി) സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നുള്ള സേവനപ്രദാനം ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേയ്ക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ